**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4187** **28-10-2021 - ൽ മറുപടിയ്ക്ക്**

**കെ. എസ്. എഫ്.ഇ വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്കും സാധാരണക്കാർക്കും കെ.എസ്.എഫ്.ഇ. വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കർഷകർക്കും സാധാരണക്കാർക്കും തിരിച്ചടവ് ശേഷിയനുസരിച്ച് കെ.എസ്.എഫ്.ഇ നിലവിൽ വായ്പകൾ അനുവദിക്കുന്നുണ്ട്. ഇത് കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.എഫ്.ഇ. വഴി ഹൗസിംഗ് ലോൺ നല്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ കെ.എസ്.എഫ്.ഇ യിൽ ഹൗസിങ് ലോൺ പദ്ധതിയുണ്ട്. അതുപ്രകാരം 1 കോടി രൂപ വരെയുള്ള തുക ഹൗസിങ് ലോൺ ആയി നൽകുന്നുണ്ട്. |
| (സി) | കൂടുതൽ ആകർഷകമായ ചിട്ടികളിലൂടെ കെ.എസ്.എഫ്.ഇ. യെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ആകർഷകമായ സമ്മാനങ്ങളോടെയും, വരിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ (ഭാവി ബാധ്യത എഴുതി തള്ളുന്ന പദ്ധതി) നൽകുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങളോടെയുള്ള ചിട്ടികൾ കെ.എസ്.എഫ്.ഇ നിലവിൽ നടത്തി വരുന്നുണ്ട്. ഇപ്പോൾ പ്രവാസികൾക്കായി പ്രത്യേക ചിട്ടി പദ്ധതിയും, തദ്ദേശീയർക്കായി കൂടുതൽ ആകർഷകമായ മൾട്ടി ഡിവിഷൻ ചിട്ടി പദ്ധതിയും നല്ല രീതിയിൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ